(ബി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കൈവശഭൂമി വർദ്ധിപ്പിക്കുന്നതിനും മുഴുവൻ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കൈവശഭൂമി വർദ്ധിപ്പിക്കുന്നതിനും മുഴുവൻ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനുമായി വനാവകാശ നിയമം, ഭൂമി വിലയ്ക്കുവാങ്ങി നൽകുന്ന പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾ

14(2049) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരിൽ എത്ര കുടുംബങ്ങൾ ലൈഫ് മിഷൻ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഭവനരഹിതരായ 222 പട്ടികജാതി കുടുംബങ്ങളുണ്ട്. ഇവരിൽ 176 കുടുംബങ്ങൾ ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) മുൻസർക്കാരിന്റെ കാലഘട്ടത്തിൽ പ്രസ്തുത നിയോജക മണ്ഡലത്തിലെ എത്ര പട്ടികജാതി കുടുംബങ്ങൾക്കാണ് ലൈഫ് മിഷൻ പദ്ധതിയിലൂടെ വീട് ലഭ്യമായതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകാമോ?

മുൻസർക്കാരിന്റെ കാലഘട്ടത്തിൽ പ്രസ്തുത നിയോജകമണ്ഡലത്തിലെ 80 പട്ടികജാതി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെ ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനം

15(2050) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ 2016 മുതൽ 2021 വരെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി ഏതൊക്കെ കോളനികൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly